LIBRARY ARCHIVES Kerala Legislative Assembly

ശീതജല മത്സ്യ ഉൽപ്പാദനത്തിന് പ്രോത്സാഹനം

22 (1039) ശ്രീ. പി. ടി. തോമസ് :
ശ്രീ. പി. ശങ്കരൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എവിടെയെല്ലാം ശീതജല മത്സ്യ ഉല്പാദന കേന്ദ്രങ്ങളുണ്ട്;

(ബി) ഇത്തരത്തിലുള്ള കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കാൻ പരിപാടിയുണ്ടോ;

(സി) പശ്ചിമ ഘട്ട മലകളിലെ മലയിടുക്കുകളിൽ മത്സ്യം വളർത്തൽ പരിപാടി ഒരു തൊഴിലെന്ന നിലയിൽ ആരംഭിക്കുവാൻ വേണ്ട പ്രോത്സാഹനം നല്കുമോ;

(ഡി) എങ്കിൽ അതിന് എന്തെല്ലാം സഹായങ്ങൾ നൽകാൻ കഴിയുമെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) കേരളത്തിൽ വയനാട് ജില്ലയിലെ പൂക്കോട് തടാകത്തിൽ മാത്രമാണ് ശീതജല മത്സ്യ ഉല്പാദന കേന്ദ്രമുള്ളത്.

(ബി) ഉണ്ട്.

(സി) നല്കാവുന്നതാണ്.

(ഡി) ശീതജല മത്സ്യം വളർത്താൻ അനുകൂല സാഹചര്യമുള്ള സ്ഥലങ്ങളിൽ ഇവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഫിഷ് ഫാർമേഴ്സ് ഡെവലപ്മെന്റ് ഏജൻസി വഴി നടപടിയെടുക്കും. ശീതജല മത്സ്യകൃഷിയിൽ പരിശീലനം നൽകുക ആവശ്യമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി ബാങ്ക് വായ്പ ലഭ്യമാക്കുക, എഫ്.എഫ്.ഡി.എ. പാറ്റേൺ അനുസരിച്ച് അർഹമായ സബ്സിഡി നല്കുക, സാങ്കേതിക പരിജ്ഞാനം നൽകുക എന്നിവയും ചെയ്യാവുന്നതാണ്.

മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് നവീന തൊഴിൽ പരിശീലനം

23 (1047) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീമതി രാധാ മാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമിയിൽപ്പെട്ട് സർവ്വസ്വവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തിക അടിത്തറയുള്ള ജീവിതം നൽകുവാൻ ഗവൺമെന്റ് പരിപാടി തയ്യാറാക്കിയിട്ടുണ്ടോ, എങ്കിൽ വിശദാംശം നൽകുമോ;